പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 750** — **05.02.2020-ൽ മറുപടിയ്ക്ക്**

**ഗോത്ര സാരഥി പദ്ധതി**

**ചോദ്യം**
ശ്രീ.സണ്ണി ജോസഫ്

**മറുപടി**
എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഗോത്ര സാരഥി പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) | വിദൂര കോളനികളിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി വാഹന സൗകര്യം ലഭ്യമാക്കുന്ന ഗോത്രസാരഥി പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | പ്രസ്തുത പദ്ധതിക്കായി 2019-20 ൽ എത്ര തുക നീക്കിവെച്ചുവെന്നും അതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | ബി) | 2019-20 സാമ്പത്തികവർഷം 'പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ' എന്ന ശീർഷകത്തിൽ 26 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി 12,28,80,354/-രൂപ (പന്ത്രണ്ട്കോടി ഇരുപത്തിയെട്ട് ലക്ഷത്തി എൺപതിനായിരത്തി മുന്നൂറ്റി അമ്പത്തിനാല് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതിയിൽ നിലവിൽ എത്ര ഗുണഭോക്താക്കൾ ഉണ്ടെന്ന വിവരം ലഭ്യമാക്കുമോ? | സി) | 2019-20 വർഷം 479 സ്കൂളുകളിലായി 18,524 കുട്ടികൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

സി3-4070/19

## ഗോത്രസാരഥി പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. സർക്കാർ/എയ്ഡഡ് സ്കൂളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾ ഗോത്രസാരഥി പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്.
2. ഈ പദ്ധതിയനുസരിച്ച് എൽ.പി. തലത്തിൽ പഠിക്കുന്ന കുട്ടികളുടെ വാസസ്ഥലവും സ്കൂളും തമ്മിൽ 1/2 കിലോമീറ്ററിൽ കൂടുതലും, യു.പി. തലത്തിലുള്ള കുട്ടികളുടേത് 1 കിലോമീറ്ററിൽ കൂടുതലും ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന കുട്ടികളുടേത് 2 കിലോമീറ്ററിലും കൂടുതലായിരിക്കേണ്ടതാണ്.
3. ഓരോ കോളനിയിൽ നിന്നും സ്കൂളിൽ പോയി വരുന്ന കുട്ടികൾ 5 എണ്ണമോ അതിൽ കുറവോ ആണെങ്കിൽ ടി വിദ്യാർത്ഥികൾക്കു ആട്ടോറിക്ഷയും 5 മുതൽ 12 വരെയാണെങ്കിൽ ജീപ്പും അതിൽ കൂടുതൽ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അനുയോജ്യമായ വാഹനവും ഏർപ്പെടുത്തി കൊടുക്കുന്നതാണ്.
4. ഗോത്രസാരഥി പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിങ്ങിനായി ഓരോ സ്കൂളിലും താഴെ കൊടുത്ത പ്രകാരം കമ്മിറ്റി രൂപീകരിക്കേണ്ടതാണ്

| | | | |
|---|---|---|---|
| 1. | സ്കൂൾ പി.റ്റി.എ. പ്രസിഡന്റ് | - | പ്രസിഡന്റ് |
| 2. | സ്ഥലം ഗ്രമാപഞ്ചായത്ത് വാർഡ് മെമ്പർ | - | അംഗം |
| 3. | സ്കൂളിലെ സീനിയറായ അദ്ധ്യാപകൻ | - | അംഗം |
| 4. | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന 2 സാമൂഹ്യപ്രവർത്തകർ (1 പുരുഷൻ, 1 സ്ത്രീ) | - | അംഗങ്ങൾ |
| 5. | സ്കൂൾ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ | - | കൺവീനർ |
| 6. | സ്ഥലത്തെ പട്ടികവർഗ്ഗ പ്രൊമോട്ടർ | - | അംഗം |

5. ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി സ്കൂളിനെ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ തെരെഞ്ഞെടുത്ത് അനുമതി നൽകുന്ന ക്രമത്തിൽ ഗോത്രസാരഥി പദ്ധതിയ്ക്ക് ആവശ്യമായ ആട്ടോറിക്ഷ, ജീപ്പ്, മിനിവാൻ എന്നിവ സർക്കാർ നിബന്ധനകൾ പാലിച്ചു ക്രമപ്രകാരം ക്വട്ടേഷൻ ക്ഷണിച്ചു അംഗീകരിച്ചു തെരെഞ്ഞെടുത്ത് അർഹതപ്പെട്ട വാഹനങ്ങളെ സ്ഥാപനമേധാവി ഏർപ്പെടുത്തേണ്ടതാണ്.
6. ഗോത്രസാരഥി പദ്ധതി പ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ **ജൂൺ മാസം ആദ്യം തന്നെ** പദ്ധതി ആരംഭിക്കേണ്ടതാണ്.

7. ഗോത്രസാരഥി പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന വാഹനങ്ങൾ പരമാവധി 7 വർഷത്തിലേറെ പഴക്കം ഉണ്ടാകാൻ പാടില്ലാത്തതും മോട്ടോർ വാഹന ചട്ടപ്രകാരം Private Contract carriage വിഭാഗത്തിൽപ്പെടുന്നതായിരിക്കേണ്ടതാണ്.

8. ഗോത്രസാരഥി പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന വാഹനങ്ങൾ മോട്ടോർ വാഹനചട്ടപ്രകാരം ഫിറ്റ്നസ് ഉള്ളതും എല്ലാ നിബന്ധനകളും പൂർണ്ണമായി പാലിക്കുന്നവയും Full insurance coverage ഉണ്ടായിരിക്കേണ്ടതുമാണ്.

9. ഗോത്രസാരഥി പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന വാഹനങ്ങളുടെ വാടക സർക്കാർ അംഗീകൃത നിരക്കിന് വിധേയമായിരിക്കേണ്ടതാണ്.

10. ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായിട്ടുള്ള ഫണ്ട് കൈകാര്യം ചെയ്യാൻ സ്കൂളിലെ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാളിന്റെ പേരിൽ തൊട്ടടുത്തുള്ള ദേശസാൽക്കൃത ബാങ്ക് ശാഖയിൽ അക്കൗണ്ട് ആരംഭിക്കേണ്ടതും ടി അക്കൗണ്ടിൽ വാഹന വാടകയിനത്തിൽ അർഹതപ്പെട്ട തുക പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ അനുവദിച്ചു നൽകേണ്ടതാണ്.

11. ഗോത്രസാരഥി പദ്ധതിയ്ക്കായി ക്രമപ്രകാരം തെരഞ്ഞെടുക്കുന്ന വാഹന ഉടമയുമായി ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ കരാറിൽ ഏർപ്പെടേണ്ടതാണ്. പദ്ധതിയ്ക്കായി ഉപയോഗിക്കുന്ന വാഹനത്തിന് ഏതെങ്കിലും അസൗകര്യം ഉണ്ടായാൽ വാഹന ഉടമതന്നെ പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് യാത്ര മുടക്കം വരാത്ത വിധം ബദൽ വാഹനം ഏർപ്പെടുത്തി നൽകുക തുടങ്ങി പദ്ധതി നടത്തിപ്പിന് ഏറ്റവും അനുകൂലവും പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ലഭ്യമാകുന്നതിന് ഗുണകരമായ നിബന്ധനകൾ ഉൾപ്പെടുത്തി കരാറിൽ ഏർപ്പെടേണ്ടതാണ്.

12. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് ഈ പദ്ധതിയുടെ സദുദ്ദേശത്തിനനുസൃതമായ സൗകര്യങ്ങൾ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെ അനുമതിയ്ക്കു വിധേയമായി ഏർപ്പെടുത്താവുന്നതാണ്.

13. ഗോത്രസാരഥി പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ പട്ടികവർഗ്ഗവിദ്യാർത്ഥികളെയും ഓരോവർഷവും ഒറ്റത്തവണ പ്രിമീയം അടവു നടത്തി അപകട ഇൻഷുറൻസ് ചെയ്യേണ്ടതാണ്.

14. ഗോത്രസാരഥി പദ്ധതിയുടെ മേൽനോട്ടം ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ പരിശോധിക്കേണ്ടതാണ്.

15. ഗോത്രസാരഥി പദ്ധതിയുടെ ഗുണഭോക്താക്കളായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പേര്/ക്ലാസ്സ്/സ്കൂളിന്റെപേര് വിദ്യാർത്ഥികളുടെ കോൺടാക്ട് നമ്പർ ,ജാതി എന്നിവ ഉൾപ്പെടുത്തി വിശദവിവരം ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്ന സ്ഥാപനമേധാവികൾ ഒരു എക്സൽ ഷീറ്റിൽ തയ്യാറാക്കി ഇ-മെയിൽ മുഖേന ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് അയയ്ക്കേണ്ടതും ആയത് ക്രോഡീകരിച്ചു പ്രാജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടർക്ക് അയച്ചു തരേണ്ടതുമാണ്.

16. കേന്ദ്രസർക്കാർ/സംസ്ഥാനസർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ ജീവനക്കാരായ പട്ടികവർഗ്ഗക്കാരുടെ മക്കൾ ഗോത്രസാരഥി പദ്ധതിയിൽ ഗുണഭോക്താക്കളായിരിക്കുന്നതല്ല.

17. പട്ടികവർഗ്ഗ പ്രൊമോട്ടർ/കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവർ എല്ലാമാസവും ഒന്നിലധികം പ്രാവശ്യം സ്കൂളിൽ എത്തിച്ചേർന്ന് പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ ഹാജർ വിവരം ശേഖരിക്കേണ്ടതും ഗോത്രസാരഥി പദ്ധതി പ്രകാരം വാഹനസൗകര്യം ഉണ്ടായിട്ടും സ്കൂളിൽ പഠനത്തിന് വരാത്ത പട്ടികവർഗ്ഗവിദ്യാർത്ഥികളെ കണ്ടെത്തി സ്കൂളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിശദവിവരം ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറെ അറിയിക്കേണ്ടതുമാണ്.

സെക്ഷൻ ഓഫീസർ